പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 105 08-02-2013- ൽ മറുപടിയ്ക്ക്

## കേന്ദ്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ

ചോദ്യം

ശ്രീ.സി.എഫ്.തോമസ് :

ശ്രീ.റ്റി.യു.കുരുവിള :

ശ്രീ.തോമസ് ഉണ്ണിയാടൻ :

ശ്രീ.മോൻസ് ജോസഫ് :

ഉത്തരം

ശ്രീ.പി.കെ.അബ്ദുറബ്ബ്

(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | |
|---|---|
| എ) കേന്ദ്ര സർക്കാർ സംസ്ഥാനത്ത് പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതായി അറിവ് ഉണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം എന്ന് വിശദമാക്കുമോ; | എ) ഇല്ല |
| ബി) സംസ്ഥാനത്ത് ഐ.ഐ.ടി. തുടങ്ങുന്നത് സംബന്ധിച്ച കേന്ദ്ര നിലപാട് എന്തെന്ന് വ്യക്തമാക്കുമോ; | ബി) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ പുതിയ ഐ.ഐ.ടികൾ അനുവദിക്കേണ്ടെന്നും നിലവിലുള്ളവ ശക്തിപ്പെടുത്തുക മാത്രമാണ് കേന്ദ്ര സർക്കാരിന്റെ ലക്ഷ്യമെന്നും എന്നിരുന്നാലും പുതിയ ഐ.ഐ.ടികൾ അനുവദിക്കുകയാണെങ്കിൽ കേരളത്തിന്റെ ആവശ്യവും പരിഗണിക്കാമെന്ന് കേന്ദ്ര ഗവൺമെന്റ് അറിയിച്ചിട്ടുണ്ട്. |
| സി) പുതുതായി ഏതെങ്കിലും കേന്ദ്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | സി) കേരള സർക്കാരിന്റെ ധനസഹായത്തോടെ എൽ.ബി.എസ്.ന്റെ കീഴിൽ മലപ്പുറത്ത് IIST (ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി) എന്ന സ്ഥാപനം തുടങ്ങുന്നതിന് തീരുമാനിക്കുകയും അതിന്റെ ഭാഗമായി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 1 കോടി രൂപ വകയിരുത്തുകയും ചെയ്തിരുന്നു. ഈ സ്ഥാപനത്തിനുവേണ്ടി കേന്ദ്ര സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ 29/01/2013 - ലെ സർക്കാർ കത്ത് 45717/ജെ1/12/ഉ.വി.വ. പ്രകാരം മലപ്പുറത്ത് കേന്ദ്രധനസഹായത്തോടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി (IET) എന്ന സ്ഥാപനത്തിനായി ഒരു പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് നിർദ്ദേശിക്കുകയും അത് തയ്യാറാക്കിവരികയുമാണ്. |

സെക്ഷൻ ഓഫീസർ